നം. ICDS A1/8622/19

വനിത ശിശു വികസന ഡയറക്ടറേറ്റ്,
പൂജപ്പുര, തിരുവനന്തപുരം
ഫോൺ: 0471-2346508
ഇ.മെയിൽ : swdicds@gmail.com
തീയതി: 18.11.2020

വനിത ശിശു വികസന ഡയറക്ടർ

എല്ലാ ജില്ലാ പ്രോഗ്രാം ഓഫീസർമാർക്കും,
എല്ലാ ശിശു വികസന പദ്ധതി ഓഫീസർമാർക്കും.

സർ,

വിഷയം : വനിത ശിശു വികസന വകുപ്പ് - അഡ്മിനിസ്ട്രേറ്റിവ് എക്സ്പെൻസ്, പ്രീസ്കൂൾ കിറ്റ് വാങ്ങൽ, അങ്കണവാടികളിലേക്കുള്ള ഫർണിച്ചർ വാങ്ങൽ എന്നീ ആവശ്യങ്ങൾക്കായി അനുവദിച്ച തുക വിനിയോഗം സംബന്ധിച്ച്.

സൂചന : 1. 27.08.2020 തീയതിയിലെ ഇതേ നമ്പർ ഉത്തരവ്.
2. 27.08.2020 തീയതിയിലെ ICDS A1/8621/19 നമ്പർ ഉത്തരവ്.
3. 03.08.2020 തീയതിയിലെ ICDS A1/16577/19 നമ്പർ ഉത്തരവ്.

സൂചനയിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. 2019-20 സാമ്പത്തിക വർഷം അഡ്മിനിസ്ട്രേറ്റിവ് എക്സ്പെൻസ്, പ്രീസ്കൂൾ കിറ്റ് വാങ്ങൽ തുടങ്ങിയ ആവശ്യങ്ങൾക്കായി അനുവദിച്ച തുക ടി വർഷം പൂർണ്ണമായി വിനിയോഗിക്കാത്ത അങ്കണവാടികൾക്ക് പ്രസ്തുത വാങ്ങൽ നടപടി പൂർത്തീകരിക്കുന്നതിന് 2020-21 സാമ്പത്തിക വർഷത്തെ ഫണ്ടിൽ നിന്നും തുക അനുവദിച്ച് സൂചന 1, 2 പ്രകാരം ഉത്തരവായിട്ടുണ്ട്. ടെണ്ടർ നടപടി ആരംഭിച്ച ICDS കൾ 31.10.2020 തീയതിയ്ക്കകവും ടെണ്ടർ നടപടികൾ ആരംഭിച്ചിട്ടില്ലാത്ത ICDS കൾ 31.12.2020 തീയതിയ്ക്കകവും വാങ്ങൽ നടപടി പൂർത്തീകരിക്കുന്നതിനാണ് നിർദേശം നൽകിയിട്ടുള്ളത്.

കൂടാതെ അങ്കണവാടികളിലേക്ക് അവശ്യമായ ഫർണിച്ചർ വാങ്ങുന്നതിന് സൂചന(3) പ്രകാരം ശിശു വികസന പദ്ധതി ഓഫീസർമാർക്ക് തുക അനുവദിക്കുകയും വാങ്ങൽ നടപടി 15.10.2020 തീയതിയ്ക്കകം പൂർത്തീകരിക്കുന്നതിനും നിർദേശിച്ചിട്ടുണ്ട്.. മേൽ ഇനങ്ങളുടെ വാങ്ങൽ നടപടി പുരോഗതി വിവരം സമർപ്പിക്കുന്നതിന് എല്ലാ ജില്ലാ പ്രോഗ്രാം ഓഫീസർ മാരോടും ആവശ്യപ്പെട്ടിരുന്നുവെങ്കിലും എല്ലാ ജില്ലകളിൽ നിന്നും റിപ്പോർട്ട് ലഭ്യമായിട്ടില്ല. ലഭ്യമായ

റിപ്പോർട്ടുകൾ പരിശോധിക്കുമ്പോൾ പല ICDS കളിലും വാങ്ങൽ നടപടി പ്രാരംഭ ഘട്ടത്തിൽ മാത്രമാണ് എന്നും കാണുന്നു.

കോവിഡ്-19 വ്യാപനത്തെ തുടർന്ന് ഓഫീസ് പ്രവർത്തനങ്ങളിലുണ്ടായ തടസ്സം പരിഗണിച്ചാണ് 2019-20 വർഷം പൂർത്തീകരിക്കാത്ത പദ്ധതികൾക്ക് നടപ്പ് സാമ്പത്തിക വർഷം തുക അനുവദിച്ച് നൽകിയിട്ടുള്ളത്. കേന്ദ്ര സർക്കാരിൽ നിന്നും ലഭിക്കുന്ന തുക വിനിയോഗിച്ച് കേന്ദ്ര സർക്കാരിന് SOE, UC എന്നിവ യഥാസമയം സമർപ്പിക്കേണ്ടതുണ്ട് എന്നിരിക്കെ വാങ്ങൽ നടപടി യഥാവിധി പൂർത്തീകരിക്കാതിരിക്കുന്നത് ന്യായീകരിക്കാവുന്നതല്ല.

സൂചന പ്രകാരം അനുവദിച്ച തുക നടപ്പ് സാമ്പത്തിക വർഷം വിനിയോഗിക്കാത്ത സാഹചര്യം ഉണ്ടായാൽ യാതൊരു കാരണവശാലും അടുത്ത സാമ്പത്തിക വർഷത്തെ ഫണ്ടിൽ നിന്നും തുക അനുവദിക്കുന്നതല്ല. **ആയതിനാൽ നടപ്പ് സാമ്പത്തിക വർഷാവസാനം ട്രഷറിയിൽ ബിൽ സമർപ്പിച്ച് queue ൽ മാറ്റപ്പെടുന്ന സാഹചര്യം ഒഴിവാക്കേണ്ടതാണ്.**

പ്രസ്തുത സാഹചര്യത്തിൽ അഡ്മിനിസ്ട്രേറ്റീവ് എക്സ്പെൻസ്, പ്രീസ്കൂൾ കിറ്റ്, അങ്കണവാടികളിലേക്കുള്ള ഫർണിച്ചർ തുടങ്ങിയവയുടെ വാങ്ങൽ നടപടിക്രമം **31.12.2020 തീയതിയ്ക്കകം** പൂർത്തീകരിക്കേണ്ടതും ടി ആവശ്യത്തിലേക്കുള്ള തുക **15.01.2021 തീയതിയ്ക്കകം** പൂർണ്ണമായും വിനിയോഗിച്ചിരിക്കേണ്ടതുമാണ്. മേൽ തീയതിയ്ക്കകം നടപടിക്രമങ്ങൾ പൂർത്തീകരിക്കാത്തതിരിക്കുന്ന ഓഫീസ് മേധാവികൾക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കുന്നതാണ്. മേൽ ഇനങ്ങളുടെ വാങ്ങൽ പുരോഗതി ജില്ലാ തലത്തിൽ പ്രോഗ്രാം ഓഫീസർമാർ കൃത്യമായ ഇടവേളകളിൽ വിലയിരുത്തേണ്ടതും വാങ്ങൽ നടപടി പൂർത്തീകരിച്ചുവെന്ന് ഉറപ്പാക്കേണ്ടതുമാണ്.

വിശ്വസ്തതയോടെ,

വനിത ശിശു വികസന ഡയറക്ടർക്കു വേണ്ടി.

Y